# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4598      25.06.2019-ൽ മറുപടിയ്ക്ക്

## അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിരക്ക്

ചോദ്യം :

ശ്രീ. റോജി എം. ജോൺ

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിരക്ക് സമീപ വില്ലേജുകളെ അപേക്ഷിച്ച് ഇരട്ടിയിലധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; അങ്കമാലി, കാലടി, മുക്കന്നൂർ പാറക്കടവ്, കറുകുറ്റി, ആലുവ, നെടുമ്പാശ്ശേരി എന്നീ വില്ലേജുകളിലെ നിരക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിരക്ക് സമീപ വില്ലേജുകളെ അപേക്ഷിച്ച് കൂടുതലാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അങ്കമാലി വില്ലേജിന്റെ പരിധിയിൽ നിന്നും 01.01.2010 മുതൽ ഫെയർ വാല്യൂ സംബന്ധിച്ച എത്ര പരാതികളാണ് എറണാകുളം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുള്ളത് ഇതിൽ എത്ര പരാതികളാണ് തീർപ്പാക്കാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക ലഭിച്ച അപ്പീൽ അപേക്ഷികളിൽ ഭൂരിപക്ഷ അപേക്ഷകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ട് തീർപ്പുകൽപ്പിക്കുവാൻ ബാക്കിയുള്ള അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ഫെയർ വാല്യൂ സംബന്ധിച്ച് ലഭിച്ച പരാതികളുടെ എണ്ണം ക്രോഡീകരിച്ചു വരുന്നു. |
| (സി) | അങ്കമാലി വില്ലേജിൽ നിന്നും ഫെയർ വാല്യൂ സംബന്ധിച്ച പരാതികളുടെ എണ്ണം കൂടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | സമീപ വില്ലേജുകളെ അപേക്ഷിച്ച് ഫെയർ വാല്യൂ നിശ്ചയിച്ചത് കൂടുതലായതിനാൽ ആണ് പരാതികളുടെ എണ്ണം കൂടുന്നത്. |

| | | | |
|---|---|---|---|
| (ഡി) | അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകത പരിശോധിച്ച് ശാശ്വത പരിഹാരം കാണുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | കേരള മുദ്രപത്ര നിയമം സെക്ഷൻ 28 എ പ്രകാരം അതതു പ്രദേശത്തെ ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത് അതതു പ്രദേശത്തെ ആർ.ഡി.ഒ മാരാണ്. സംസ്ഥാനത്ത് 2010-ൽ നിലവിൽ വന്ന ഭൂമിയുടെ ന്യായവിലയിൽ അപാകത പരിഹരിക്കുവാനും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ശുപാർശകൾ പരിഗണിച്ചുകൊണ്ടും സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില പുനഃനിർണ്ണയിക്കുവാനുള്ള മാർഗ നിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ടും 14.08.2018 -ലെ സ.ഉ.(കൈ) നമ്പർ302/ 2018/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഇ) | ഐ.എ.വൈ, ലൈഫ്, പ്രളയ പുനരധിവാസം തുടങ്ങിയ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഒരു സെന്റ് ഭൂമി വാങ്ങുന്നതിനോ വിൽക്കുന്നതിനോ അങ്കമാലിയിലെ സാധാരണക്കാർക്ക് കഴിയാത്ത അവസ്ഥയുള്ളതിനാൽ ഇതിന് പരിഹാരം കാണുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ? | (ഇ) | ഭൂമിയുടെ ന്യായവില പുനർനിർണ്ണയ നടപടികളിലൂടെ പരാതി പരിഹരിക്കാനാകും. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | വില്ലേജ് | ക്ലാസിഫിക്കേഷൻ | ഫെയർ വാല്യൂ | ഫെയർ വാല്യൂ കുറഞ്ഞ തുക |
|---|---|---|---|---|
| 1 | കാലടി | നിലം | Rs.2,00,000/- per Are | Rs.25,000/- per Are |
| | | Road acess | Rs.3,00,000/- per Are | Rs.20,000/- per Are |
| | | NH/PWD Acess | Rs.6,00,000/- per Are | Rs.30,000/- per Are |
| | | Without vehicle | Rs.4,75,000/- per Are | Rs.10,000/- per Are |
| | | Commercially important | Rs.8,50,000/- per Are | Rs.2,00,000/- per Are |
| 2 | കറുകുറ്റി | Commercial plot | Rs.4,76,000/- | |
| | | Residential plot with NH/PWD road acess | Rs.4,76,000/- | |
| | | Garden land without road acess | Rs.24,500/- | |
| | | Residential plot with Corp/Municipal Panchayath road access | Rs.24,500/- | |
| | | Wet land | Rs.8,400/- | |
| 3 | നെടുമ്പാശ്ശേരി | Commercially important plot | Rs.6,50,000/- | |
| | | Water logged land | Rs.40,000/- | |
| 4 | ആലുവ (ഈസ്റ്റ്) | Residential plot with NH/PWD road | Rs.9,07,500/- | Rs.6,80,625/- |
| | | Water logged land | Rs.2,35,950/- | Rs.1,81,500/- |
| | | Garden land | Rs.3,63,000/- | Rs.3,26,700/- |
| | | Residential plot with private road acess | Rs.6,80,625/- | Rs.4,99,125/- |

| | | | | |
|---|---|---|---|---|
| 5 | പറക്കടവ് | Residential plot with PWD road acess | Rs. 2,50,000/- | Rs. 80,000/- |
| | | Municipal/Panchayath road access | Rs. 2,00,000/- | Rs. 80,000/- |
| 6 | മൂക്കന്നൂർ | Land with NH/PWD road access | Rs. 1,75,000/- | Rs. 17,500/- |
| | | Garden land with road acess | Rs. 70,000/- | Rs. 17,500/- |
| | | Wet land | Rs. 1,75,000/- | Rs. 8,750/- |
| | | Land without road access | Rs. 70,000/- | |
| | | Commercial important plot | Rs. 2,62,500/- | |
| 7 | അങ്കമാലി | Wet land | Rs. 1,89,000/- | Rs. 8,400/- |
| | | പുരയിടം | Rs. 20,30,000/- | Rs. 35,000/- |